ടൂറിസ്റ്റുകേന്ദ്രങ്ങൾ

* 503. [15] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ടൂറിസ്റ്റുകേന്ദ്രങ്ങൾ ഉണ്ട് ;

(ബി) കേരളത്തിലെ പ്രധാനപ്പെട്ട ഹൈഡ്രോ ഇലക്ട്രിക് പ്രോജക്റ്റുകൾ ടൂറിസ്റ്റു കേന്ദ്രങ്ങളാക്കണമെന്ന് എസ്റ്റിമേറ്റ്സ് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) ഈ ശുപാർശയിന്മേൽ വല്ല നടപടിയും ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ടോ ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) 21.

(ബി) ഉണ്ട്.

(സി) ഈ കാര്യം ഗവണ്മെൻറു പരിഗണിച്ചുവരികയാണ്.

നെൽകൃഷിക്കാരുടെ ആക്ഷേപം

* 504. [16] ശ്രീ. കെ. സി. എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

കൃഷിച്ചെലവിന്റെ വർദ്ധനവനുസരിച്ച് നെല്ലുവില ലഭിക്കുന്നില്ലെന്നും, അതുകൊണ്ടു നെൽകൃഷി ലാഭകരമായി തുടർന്നുകൊണ്ടുപോകുവാൻ സാദ്ധ്യമല്ലെന്നുമുള്ള നെൽകൃഷിക്കാരുടെ ആക്ഷേപത്തെ പരിഗണിച്ച് അവർക്ക് വളം, വിദ്യുച്ഛക്തി, ജലസേചനസൗകര്യം മുതലായവ കുറഞ്ഞ ചെലവിൽ ലഭിക്കുന്നതിനു നടപടി എടുക്കുമോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസ്) : താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ട്:—

(1) പ്രധാന ജൈവവളങ്ങളിൽ ഏറ്റവും മുഖ്യമായ എല്ലുപൊടി സൂപ്പർ ഫോസ്ഫേറ്റ്, അമോണിയം ഫോസ്ഫേറ്റ് എന്നിവ 25 ശതമാനം വില കുറച്ചു കർഷകർക്കു വിതരണം ചെയ്യുന്നുണ്ട്.

(2) സ്വന്തമായി പമ്പ് സെറ്റുകൾ ഉപയോഗിക്കുന്നവർക്ക് മുണ്ടകൻ കൃഷിക്കും, പുഞ്ചകൃഷിക്കും ഏക്കറൊന്നിനു യഥാക്രമം മൂന്നു രൂപ, അഞ്ചു രൂപ എന്നീ തുകകൾ സബ്സിഡിയായി നൽകുന്നുണ്ട്.

(3) കൃഷിക്കാവശ്യമായ ഇലക്ട്രിസിറ്റി കണക്ഷൻ മുൻഗണന കൊടുക്കുന്നുണ്ട്. 10 ശതമാനം വരവ് എന്നുള്ള അടിസ്ഥാനത്തിലാണ് കൃഷി ആവശ്യത്തിനുള്ള ലൈൻ നീട്ടുന്നതു്. കൃഷിയാവശ്യത്തിനുള്ള കറൻറിനു യൂണിറ്റൊന്നിനു ആറു നയാപൈസ മാത്രമേ ഈടാക്കുന്നുള്ളൂ.

(4) കട്ടനാട്ടിലും വെള്ളായണിയിലും കായൽകൃഷിക്കു വെള്ളം വറ്റിക്കുന്നതിനു വേണ്ട ചെലവിന്റെ 50 ശതമാനം സഹായധനമായി നൽകുന്നുണ്ട്.

(5) കീടനാശിനികൾ 25 ശതമാനം വില കുറച്ചു കർഷകർക്കു കൊടുക്കുന്നുണ്ട്. കീടബാധ ഒരു പകർച്ചവ്യാധി എന്ന നിലയ്ക്കു പടർന്നു പിടിച്ച സ്ഥലങ്ങളിൽ കീടനാശിനികളുടെ വിലയിൽ 50 ശതമാനം കുറവു ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(6) കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് പ്രോഗ്രാം അനുസരിച്ച് പരിഷ്ക്കരിച്ച കൃഷി ആയുധങ്ങൾ പ്രചരിപ്പിക്കുന്നതിനു വേണ്ടി ആയുധങ്ങൾ 50 ശതമാനം വില കുറച്ച് കർഷകർക്ക് വിതരണം ചെയ്യുന്നതിനു പുറമേ പമ്പ് സെറ്റുകളും കൃഷി ആയുധങ്ങളും 'ഹയർ പർച്ചേസ് സ്കീം' അനുസരിച്ച് 25 ശതമാനം സൗജന്യ നിരക്കിൽ കൊടുത്തുവരുന്നുണ്ട്.

(7) പ്രകൃതിക്ഷോഭം നിമിത്തം അതായത് അതിവർഷം, കഠിനമായ ഉണക്ക് മുതലായ കാരണങ്ങളാൽ വൻതോതിൽ കൃഷിനാശം സംഭവിച്ചാൽ വീണ്ടും കൃഷിയിറക്കുന്നതിനു സഹായധനം നൽകുന്നതിനു ചട്ടങ്ങൾ ഉണ്ടാക്കുകയും നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്.

(8) ആണ്ടുതോറും ചെലവാക്കുന്ന തുകയിൽ വളരെ കുറഞ്ഞ ഭാഗം മാത്രം സെന്റ് ആയി ഈടാക്കിക്കൊണ്ട് ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊടുക്കുന്നുണ്ട്.

ശ്രീ. കെ. സി. ഏബ്രഹാം : ഈ വക ആനുകൂല്യങ്ങളെല്ലാം കൊടുക്കുന്നുണ്ടെങ്കിലും കർഷകർ നെൽകൃഷി ലാഭകരമല്ല എന്നുകണ്ട് 'ക്യാഷ് ക്രോപ്പ്' കൂടുതലായി ചെയ്യുന്നതിനു ശ്രമിക്കുന്നുണ്ട്. ഇതു പ്രോത്സാഹജനകമാണോ? അല്ലെങ്കിൽ ഇതു നിരുത്സാഹപ്പെടുത്തുന്നതിനു വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഈ. പി. പൗലോസ് : ക്യാഷ് ക്രോപ്പ് കൂടുതലായി ചെയ്യുന്നതു പ്രോത്സാഹജനകമാണ്. പക്ഷേ അതു നെൽകൃഷി നിറുത്തിക്കൊണ്ടായിരിക്കണമെന്നില്ല. അങ്ങനെ നടത്തുന്നപക്ഷം അതു നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ശ്രീ. ഈ. പി. ഗോപാലൻ : പാലക്കാട്ട് ജില്ലയിലെ കോൾ കൃഷിക്ക് യാതൊരു സഹായവും ചെയ്യുന്നില്ല. ഇലക്ട്രിസിറ്റി സൗജന്യം മറ്റു പല സ്ഥലങ്ങളിലും കൊടുക്കുന്നുണ്ടെങ്കിലും ഈ പ്രദേശത്തു നൽകുന്നില്ല. പൊന്നാനി തുടങ്ങിയ പ്രദേശങ്ങളിൽ വെള്ളം വറ്റിക്കുന്നതിനു ഇങ്ങനെ ഇലക്ട്രിസിറ്റി സൗജന്യമായി കൊടുക്കാത്തതുകൊണ്ട് പ്രയാസം നേരിടുന്നുണ്ടെന്നുള്ള വസ്തുത കണക്കിലെടുത്തു വേണ്ടതു ചെയ്യുവാൻ ദയവുണ്ടാകുമോ?

ശ്രീ. ഈ. പി. പൗലോസ് : പൊന്നാനി തുടങ്ങിയ കോൾകൃഷി നടത്തുന്ന സ്ഥലങ്ങളിൽനിന്നും നിവേദനം നടത്തിയിട്ടുണ്ട്. കുട്ടനാട്ടുപ്രദേശം പോലെ വെള്ളം വറ്റിക്കുന്നതിനു ഈ പ്രദേശങ്ങളിൽ ബുദ്ധിമുട്ട് ഇല്ലാത്തതുകൊണ്ട് ഈ കാര്യം പരിഗണിച്ചിട്ടില്ല.

ശ്രീ. കെ. ആർ. വിജയൻ : കന്നുകാലികളെ സംരക്ഷിച്ചുകൊണ്ട് നെൽകൃഷി തുടർന്നുകൊണ്ടു പോകുന്നതു ലാഭകരമല്ല. അതുകൊണ്ട് നെൽകൃഷിക്കാർക്ക് ചെറിയതരം ടില്ലേഴ്സ് നൽകുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. ഈ. പി. പൗലോസ് : ഉദ്ദേശം 60–70 പവർ ടില്ലേഴ്സ് നമുക്ക് അലോട്ട് ചെയ്യുന്നതാണെന്ന അനൗദ്യോഗികമായ അറിവു ലഭിച്ചിട്ടുണ്ട്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : നെൽകൃഷിക്കാർ കൃഷിചെയ്യുന്നതിനുള്ള ചെലവിനു മതിയായ ആദായം ഇല്ലാത്തതുകൊണ്ട് പലഭാഗത്തും നെൽകൃഷി ചെയ്യാതെകൊണ്ടിരുന്നതു ഉപേക്ഷിച്ചുകൊണ്ട് മറ്റു കൃഷികൾ നടത്തുന്നതാണെന്നുള്ള വിവരം ബഹുമാനപ്പെട്ട മന്ത്രി അറിയുമോ. എന്നിട്ട്.....

LIBRARY ARCHIVES Kerala Legislative Assembly

Mr. Chairman : Mr. Joseph Chazhikkatt, please put question .

ശ്രീ. ഇ. പി. പൗലോസ് : അതു അറിഞ്ഞുകൊള്ളാം.

ശ്രീ. കെ. കെ. വിശ്വനാഥൻ : സ്വന്തമായി മോട്ടോർ ഉപയോഗിച്ചു കൃഷിചെയ്യാമെന്നുള്ളതിന്റെ ചട്ടങ്ങളം പൂർത്തിയായോ ?

ശ്രീ. ഇ. പി. പൗലോസ് : ഇതിന്റെ ചട്ടങ്ങളം അവസാനമായി രൂപീകരിച്ചിട്ടു എല്ലാ കളക്ടറേറ്റുകളിലും നിർദ്ദേശം കൊടുത്തിട്ടുണ്ട്. കളക്ടറേറ്റും താലൂക്കു ആഫീസുംവഴിയാണു് ഇതു വിതരണം ചെയ്യുന്നതു്.

ശ്രീ. എം. എ. ആന്റണി : കൃഷിക്കാർക്കു സഹായമായി ചുരുങ്ങിയ പലിശയ്ക്കു കടം കൊടുക്കുന്നതിനുള്ള എന്തു നടപടി ഇവിടെയുണ്ടു് ?

ശ്രീ. ഇ. പി. പൗലോസ് : സപ്ലീസ് കോ വാ പ്പ റേ റ്റീ വ് സൊസൈറ്റിമുഖേന ഷാർട്ട് ടേം വ്യവസ്ഥയിൽ 12 കോടി രൂപ വിതരണം ചെയ്യുന്നുണ്ടു്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ: ഇപ്പോഴുള്ള കൃഷിയുടെ സമയവും കായിക ശ്രമവും ലാഭിക്കുന്നതിനുവേണ്ടി കൃഷിസമ്പ്രദായം യന്ത്രവൽക്കരിക്കുന്നതിനു വേണ്ട നടപടികളം കൈക്കൊള്ളുമോ ?

ശ്രീ. ഇ. പി. പൗലോസ് : രണ്ടു കൊല്ലമായി ഇതു സംബന്ധിച്ചു ആലോചന തുടങ്ങിയിട്ടു് വേണ്ടിടത്തോളം വിദേശസഹായം ഇല്ലാത്ത ഒരു വിഷമം വന്നിട്ടുണ്ടു്.

ശ്രീ. പി. ബാലചന്ദ്രമേനോൻ : നമ്മുടെ കേരളത്തിലെ ചില പ്രദേശങ്ങളിൽ പറമ്പിക്കളം പദ്ധതിയുടെ വെള്ളം ലഭിക്കാതിരിക്കുന്ന സ്ഥലത്തു് കിണറിൽനിന്നും വെള്ളം കോരിയാണു് കൃഷിചെയ്യുന്നതെന്നുള്ള വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ഏതു പ്രത്യേക സ്ഥലത്താണെന്നു ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയാൽ അതേപ്പറ്റി ആലോചിക്കാം.

ശ്രീ. കുറ്റൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് : കോ വാ പ്പ റേ റ്റീ വ് സൊസൈറ്റി മുഖേന നെൽകൃഷിക്കു എന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ഒരു പ്രത്യേക സൗജന്യമായി ഒന്നും പറയുവാൻ ഇല്ല. വളം മുതലായതു് കോവാപ്പറേറ്റീവ് സൊസൈറ്റികം മുഖേന വിതരണം ചെയ്യുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : നമ്മുടെ നാട്ടിൽ മരച്ചീനികൃഷിക്കാർക്കു അവരുടെ ചെലവിനു തക്ക വില മരച്ചീനിക്കു ലഭിക്കാത്തതുകൊണ്ടു് ആ കൃഷി നഷ്ടമാണെന്നു കണക്കാക്കി പലരും അതു് ഉപേക്ഷിക്കുന്നുണ്ടെന്നുള്ള കാര്യം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; മരച്ചീനികൃഷിക്കാരെ സഹായിക്കുവാൻ വല്ലതും ചെയ്യാൻ ഗവണ്മെന്റു വിചാരിക്കുന്നുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടു്. ഗവണ്മെന്റു വേണ്ട നടപടി എടുത്തുകൊണ്ടിരിക്കുകയാണു്.

ശ്രീ. എം. വി. വാസു : പാക്കേജു പദ്ധതിപ്രകാരം എന്തു പലിശ നിരക്കാണു് വച്ചിട്ടുള്ളതു് ; ചില സ്ഥലങ്ങളിൽ 18 ശതമാനം പലിശ ഈടാക്കിവരുന്നുവെന്നു അറിയുന്നതു ശരിയാണോ ?

ശ്രീ. ഇ. പി. പൗലോസ് : ഈ പറഞ്ഞതു് വളരെ തെറ്റാണു്. 18 ശതമാനം പലിശ നിരക്കിനു ഒരിടത്തുനിന്നും വസൂലാക്കുന്നില്ല. ഹ്രസ്വകാല വായ്പയായാലും, ദീർഘകാല വായ്പയായാലും 18 ശതമാനം നിരക്കിനു നൽകിയിട്ടുള്ളതായി അറിയിക്കാമെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. എസ്സ്. കൃഷ്ണപിള്ള : കേരളത്തിന്റെ നെല്ലറയായ കട്ടനാട്ടിലെ പാടങ്ങളിൽ പായൽ പിടിപ്പെട്ട കൃഷിചെയ്യാൻ സാധിക്കാതെ കർഷകർ ബുദ്ധിമുട്ടുന്നുണ്ട്. അതിലേക്ക് ഈ പായൽ വാരി കൃഷി ചെയ്യുന്നതിന് സൗകര്യമുണ്ടാക്കികൊടുക്കത്തക്ക വിധത്തിൽ എന്തെങ്കിലും തീരുമാനം ഗവണ്മെൻറ് ചെയ്യുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഇടക്കാലത്തു ഇങ്ങനെയൊരു ബുദ്ധിമുട്ട് വന്നിട്ടുണ്ട്. പായൽ വാരുന്നതിന് ഇപ്പോഴും സഹായമൊന്നും ചെയ്തു കൊടുത്തിട്ടില്ല. ഈ പ്രശ്നം ഡിപ്പാർട്ടുമെൻറ് പഠിച്ചുവരികയാണ്.

ശ്രീമതി കുസുമം : ട്രാക്ടർ സിന്റെ ഉപയോഗശൂന്യമാകുന്ന ഭാഗങ്ങൾ നന്നാക്കുന്നതിന് ആവശ്യമായ സ്പെയർ പാർട്സ് കിട്ടുന്നില്ല എന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : ട്രാക്ടർ സുകൾ വളരെ കുറച്ചുമാത്രമേ ഇവിടെയുള്ളൂ. ഒരു സബ്സിഡിസിംഗ് സ്റ്റേഷനായി ഉപയോഗിക്കത്തക്കവണ്ണം വർദ്ധനവ് ഉണ്ടായിട്ടില്ല.

ശ്രീ. കെ. ഹസ്സൻഗനി : നെൽകൃഷിക്കുവേണ്ടി കർഷകർക്ക് നൽകുന്ന ഷോർട്ടടേം ലോണിനു ഏഴേമുക്കാൽ ശതമാനം പലിശ വാങ്ങിക്കുന്നുണ്ട്. മറ്റു ചില വ്യവസായങ്ങൾക്കു നൽകുന്നതു അഞ്ചു ശതമാനത്തിനാണ്.ഇങ്ങനെ കൂടുതൽ പലിശ കൊടുക്കേണ്ടിവരുന്നതു പല ഏജൻസികളും വഴി കിട്ടേണ്ടി വരുന്നതുകൊണ്ടാണ്. അതുകൊണ്ട് വായ്പ ഡിപ്പാർട്ടുമെൻറ് നേരിട്ട് നൽകുന്നതിനു വേണ്ട ഏർപ്പാട് ചെയ്യുമോ ?

ശ്രീ. ഇ. പി. പൗലോസ് : സബ്സിസ് കോവാപ്പറേറ്റീവ് സൊസൈറ്റിവഴി ഗവണ്മെൻറ് നേരിട്ട കൊടുക്കുന്നതു ആറേകാൽ ശതമാനം വ്യവസ്ഥയിലാണ്. സൊസൈറ്റികൾവഴി കൊടുക്കുന്നതു ഏഴേമുക്കാൽ ശതമാനത്തിലാണ്.

ശ്രീ. കെ. സി. ഏബ്രഹാം : നെൽകൃഷി നടത്തുന്നതിലേയ്ക്കു വൈപ്പിൻ കരയിലെ കൃഷിക്കാർ ആവശ്യപ്പെട്ടന്ന ഒരു കാര്യം 'ഡീ വാട്ടറിംഗ്' മാത്രമാണ്. അതു ഗവണ്മെൻറ് കാര്യമായി പരിഗണിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : വിവരങ്ങൾ എഴുതിത്തന്നാൽ അതേപ്പറ്റി അന്വേഷിക്കാം.

(ii) WRITTEN ANSWERS

അരിവില വർദ്ധനവ്

*505. [1] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുണ്ടായിട്ടുള്ള അരിവിലവർദ്ധനവ് തടയുന്നതിനു ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) :

(എ) സംസ്ഥാനത്തിൽ കഴിഞ്ഞ ഡിസംബർ മാസത്തിലുണ്ടായ അരിവിലവർദ്ധനവു തടയുന്നതിനായി ഗവണ്മെൻറ് അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ആന്ധ്രായിൽനിന്നും കേരളത്തിലേക്ക് ധാരാളം അരി അയയ്ക്കുന്നതിനു കൂടുതൽ റെയിൽവേ വാഗണുകൾ നൽകുന്നതിനു റെയിൽവേ അധികൃതരുമായി വേണ്ട ഏർപ്പാടുകൾ ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly